അവൾ നല്ല വിദ്യാർത്ഥിനിയായിരുന്നു. പക്ഷെ...

നടിയായി......

അവൾ തോറ്റു.

വിദ്യാഭ്യാസത്തിൽ.

വീണ്ടും താല്പര്യം ജനിച്ചു. പക്ഷെ അമ്മ അഭിനയം പഠിപ്പിച്ചു.

വിദ്യാലയത്തിലായിരുന്നപ്പോൾ അമ്മ നിത്യവും സ്റ്റുഡിയോകളിൽ പോകുമായിരുന്നു. ഡയറക്ടർക്ക് നന്നേ ഇഷ്ടപ്പെട്ടമായിരുന്നു. എത്ര സ്റ്റുഡിയോകളിൽ അമ്മ കയറി ഇറങ്ങി!......

എത്ര ഡയറക്ടർമാരെ ഇഷ്ടമാക്കി!......

അതുകൊണ്ടല്ലേ......എന്നെയും......

ഇപ്പോൾ അമ്മ ചിലപ്പോഴൊക്കെപ്പറയാറുണ്ട്.

ഉറക്കത്തിൽ.

ചില ഡയറക്ടർമാർ ചില്ലറ കൊടുക്കാറുണ്ട്. പക്ഷെ അവരെല്ലാം ഇടവഴികൾ അന്വേഷിച്ചു പോയിരിക്കും......

അഭിനയത്തിന്റെ ഉറവ്.

എവിടെനിന്ന്?

അച്ഛന്റെ വേർപാടിൽനിന്ന്.

എന്നാൽ ഇന്ന് അമ്മ അഭിനയിക്കുന്നില്ല.

ശില്പി മരിച്ചുപോയി.

മറ്റൊരു ശില്പി രൂപമെടുത്തപ്പോൾ അവൾ അഭിനയം തുടങ്ങി.

മരിച്ചില്ലായിരുന്നെങ്കിൽ അമ്മയ്ക്ക് അഭിനയിക്കേണ്ടി വരുമായിരുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽനിന്ന് മോക്ഷം പ്രാപിക്കാമായിരുന്നു.

എല്ലാം കഴിഞ്ഞു. ഇപ്പോൾ ഞാൻ മാത്രമാണ്...

എന്തെല്ലാം അഭിനയങ്ങൾ......

എന്തെല്ലാം ചെലവുകൾ......

ജീവിക്കാൻവേണ്ടി.

എല്ലാം എല്ലാം അഭിനയത്തിൽനിന്ന്.

അന്ന്, അദ്ദേഹം, എന്നെ വളരെ ഇഷ്ടപ്പെട്ടു. ഈ അമ്മതുടർന്നുള്ള അഭിനയവും. അദ്ദേഹം പറഞ്ഞു. എന്തൊരു നല്ല അഭിനയം.

അവർക്കുവേണ്ടി അഭിനയിച്ചു......

ജീവിക്കുവാൻ.

എന്തെല്ലാം അഭിനയങ്ങൾ കാണുന്നു. അവൾ പലതും നടത്തുന്നു. എന്റെ അഭിനയം കാണാൻ. എന്തിനാണ് ഇങ്ങനെ......



എന്നാലും എന്തുചെയ്യാം.

പഠിപ്പിച്ചില്ല.

പണമില്ല...

ഉദ്യോഗമില്ല...

ജീവിക്കണം.

അല്ലെങ്കിൽ മരിക്കണം.

മരണം വിരൂപമാണ്. അതുകൊണ്ട് അഭിനയിച്ചു.

അന്ന്

വിജനതയിൽ രാത്രിയുടെ കൂർക്കംവലി എത്ര തവണ കേട്ടിരിക്കുന്നു! എത്ര പകലുകൾ എന്നെനോക്കി കണ്ണടക്കുന്നു. എത്ര എത്ര സന്ധ്യകൾ പുഞ്ചിരിക്കുന്നു.

ഇന്ന്

വിജനതയിൽ എത്ര രാത്രികൾ കൂർക്കം വലിക്കുന്നില്ല. പകല് എന്നെ നോക്കി കണ്ണുമിഴിക്കുന്നു.

സന്ധ്യകൾ കരയുന്നു.

ഞാനോ?

ചിരിക്കുന്നു.

പിന്നെ

അഭിനയത്തിന്റെ തുടക്കം.

ആദ്യത്തെ അഭിനയം.

മേക്കപ്പ് നടത്തിയത് അമ്മയാണ്. നാണത്തെ വെട്ടിക്കീറിയതും അമ്മയാണ്. വെറുപ്പിനെ കഴിച്ചുവിട്ടത് അമ്മയാണ്. ധൈര്യത്തെ തെരഞ്ഞെടുത്തത് അമ്മയാണ്.

അവസാനം

അഭിനയിച്ചത്

.....................

മറക്കാൻ കഴിയാത്ത അഭിനയം

വളരെ ബുദ്ധിമുട്ടി.

ഭയമായിരുന്നു.

അറച്ചറച്ചുകയറി. വിറച്ചുവിറച്ച് ഇറങ്ങി.

സീൻ ഒന്ന്.

വിശാലമായ മാളിക

പ്രവേശിച്ചു.

ഞാനും, മുഖംമൂടി......

......കനിഞ്ഞുപോയി.

കണ്ണുകൊണ്ടുള്ള അഭിനയം, ഇടറിയുള്ള പുഞ്ചിരി. പുളിച്ചുപോയി......

നാലുകാലിന്റെ മുകളിലുള്ള വിരിപ്പിൽ മുന്തിരി. അതിലൊന്ന് വായിലേക്കു തൊട്ടുകൊണ്ട്.

ഇത്ര നാണമോ!

കപ്പിയുടെ കോർക്ക് തെറിച്ചുപോയി

ഗ്ലാസ്സുകൾ നിറഞ്ഞു.

പ്ലീസ്......

ഐ ഡോൺട് വാണ്ട്.

ഓ! പ്ലീസ്

നോ!

ഡയറക്ടറുടെ കണ്ണുകൾ ചുവന്നു. മുഖം വിറച്ചു. കൈകൾകൊണ്ട് പ്യാൻറ്സ് മുകളിലേക്ക് ഉലച്ചു കയറ്റി കസേരയിൽ ഇരുന്നു.

നായികയ്ക്ക് ഒരു ഉലച്ചിൽ, വിറച്ചിൽ.

മാളികപ്പുറത്ത് കാറ്റു ശക്തിയായി വീശുന്നു. കാലസർപ്പം പത്തിവിടർത്തുന്നു.

പെരുവിരൽ മേലേമേൽ നില്ക്കുന്നു. ഗ്ലാസ്സുകൾ മറിയുന്നു. കുപ്പികൾ ഉടയുന്നു. കിടക്ക ശബ്ദിച്ചു. നിയോൺ ബൾബുകൾ കണ്ണടച്ചു. രാത്രി ശ്വാസമടക്കി നിന്നു.

കഴിഞ്ഞു

നായികയ്ക്ക് അഭിനയിക്കുവാൻ ഒരു പ്രയാസം. ഇവിടെ ആരംഭിച്ചു. ആദ്യമാദ്യം ഒരു സന്ദേഹം...

ചാൻസുകൾ, ചാൻസുകൾ!

അഭിനയറാണിയാക്കി......

കാലത്തിന്റെ വളച്ചുശേഷം......

വ്യത്യാസങ്ങൾ, വിശേഷതകൾ!

കുടിലുകൾ വെള്ളിക്കമ്പികളായി മാറി, കവിൾ കിണറായി, ജീവിതത്തിന്റെ അവസ്ഥ!

അമ്മ മരിച്ചിട്ടില്ല. അവരെ പോറ്റുവാനുള്ള സമ്പാദ്യങ്ങളെല്ലാം കൂടിയത്. അവരുടെ തോഴിള്ള് വളരുന്നു. പല്ല് സ്വർഗ്ഗത്തിൽ, ശരീരം നരകത്തിൽ,

ബ്ലൗസ് ഇന്നിട്ടിട്ടുവേണം. ഉച്ചയ്ക്കത്തെ രാത്രി തിരയുന്നു. പിന്നെയും ചുറ്റുന്നു.

അവൾ അവളായ കഥ,

സൂചിക്കുഴയിലൂടെ കടന്നുപോയി.

ആള് തീരും. മരണം വിരൂപമല്ല. വിധവയെ വധിക്കട്ടെ. □

# അമ്ളി

സുഷമ നാരായണൻ

അവധി ദിവസം രാവിലെ കുളികഴിഞ്ഞ് അവൾ വീടിന്റെ പൂമുഖത്ത് ഒരു പുസ്തകവുമായി വന്നപ്പോൾ അപ്രതീക്ഷിതമായി, ആറുമാസം അടഞ്ഞു കിടന്നിരുന്ന അയൽവക്കത്തെ വീട്ടിൽ ഭംഗിയുള്ള ജനാലവാതിലുകൾ തുറന്നിട്ടിരിക്കുന്നു. കാറ്റിൽ വാതിലുകൾ പറന്നു കളിച്ചിരുന്നു. ഇന്നലെവരെ അടഞ്ഞു കിടന്നിരുന്ന അവിടെ ആരും ഉണ്ടായിരുന്നില്ല.

— അപ്പോൾതാൻ സ്വപ്നം കാണുകയാണോ ? !!!

മായാ വലയത്തിൽപെട്ടതു പോലെ തോന്നി– കണ്ണുതക്കിയായി തിരുമ്മിനോക്കി–

യക്ഷിക്കഥകളിലെപ്പോലെ– ശരിക്കും പ്രേതങ്ങൾ താമസമാക്കിയിട്ടുണ്ട്. പാല പൂത്ത സമയമായിരുന്നതുകൊണ്ട് അവൾക്ക് ഭയം തോന്നി. വളരെനാൾ ആൾതാമസമില്ലായിരുന്ന വീട്ടിൽ ആരാണാവോ ഇത്ര വേഗം താമസമാക്കിയത് !

– അവൾക്ക് നേരിയതോതിൽ വിറയൽ അനുഭവപ്പെട്ടു–

കുറച്ചുദിവസം മുമ്പ് അച്ഛൻ അമ്മയോട് ആരോ വീടു നോക്കാൻ വന്നിരുന്നെന്ന പറഞ്ഞകാര്യം പെട്ടെന്ന് ഓർമവന്നു.

ഏതോ സാഹിത്യകാരനാണെന്ന പറഞ്ഞു !

---

അനന്തതയും കെട്ടിപ്പിണഞ്ഞ് കിടക്കുകയാണെന്ന് തോന്നുന്നില്ല.

—ഇവിടെ;

ഈ പുൽക്കസേരയിലിരുന്ന് ഉറങ്ങണമെന്നുണ്ട്. തൊട്ടടുത്ത മേശമേലുള്ള സിഗാർ പുകയ്ക്കണമെന്നുണ്ട്. പുറത്തിറങ്ങി [illegible] അതിവേഗതയിൽ എങ്ങോട്ടോ പോകണമെന്നുണ്ട്.

വേറെ എന്തെല്ലാമെന്തെല്ലാം തോന്നാനും കൂടിയാണ് ഞാൻ വിധിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയണമെന്നുണ്ട്........... □



എങ്കിൽ !!!

ചെറുപ്പക്കാരനായിരിക്കും– അവിവാഹിതനും, സുന്ദരനും–

ആരാധികയാകാമല്ലോ !

മനസ്സിൽ വികാരം ജലതരംഗങ്ങളെപ്പോലെ നൃത്തം ചെയ്തുകൊണ്ടിരുന്നു– തനിക്ക് പരിചയപ്പെടാമല്ലോ ?

അറിയാതെ ആഗ്രഹം ! അദ്ദേഹം എന്നാവർത്തിച്ചുകൊണ്ടിരുന്നു.

– നാണം ഒരു വിളിക്കാത്ത അതിഥിയെപ്പോലെ കടന്നുവന്നു.

വാതിൽ അപ്പോഴും അടഞ്ഞു കിടന്നിരുന്നു.

സാഹിത്യകാരൻ വൈകി എഴുന്നേൽക്കുന്നയാളായിരിക്കും–

രാത്രിയായിരിക്കും കഥയെല്ലാം എഴുതുന്നത്.

– ഹായ്! എന്തു രസമായിരിക്കും !!!

ഒരിക്കലും കണ്ടിട്ട് പരിചയമില്ലാത്ത സാഹിത്യകാരനെ മനസ്സിൽ കണ്ടപ്പോൾ അടുത്ത ദിവസം പരീക്ഷയാണെന്നുള്ളകാര്യം മറന്നു– ഒന്നും വായിച്ചിട്ടില്ല– അയൽ വക്കത്തേക്കുനോക്കി നിന്നാൽ എഴുത്തൽ [illegible]ക്കായിരിക്കും– കാര്യമായി വായിക്കാൻ അവൾ ഉദ്ദേശിച്ചു. മുറ്റത്തിറങ്ങി വാഴക്കൂട്ടത്തിന്റെ ഇടയിൽ കൂടെ നടന്ന് പുസ്തകം നിവർത്തി ആറ്റം = പ്രോട്ടോൺ + ഇലക്ട്രോൺ + ന്യൂട്രോൺ.

അതുവായിച്ചു കൊണ്ടിരുന്നപ്പോഴും കണ്ണ് അയൽവക്കത്തായിരുന്നു. പുസ്തകം നിവർത്തിയ വഴിതന്നെ കയ്യിലിരുന്നു.

അനിയൻ പെട്ടെന്ന് ഓടി വന്നു.

“ചേച്ചി നമ്മുടെ അയൽ വക്കത്ത് പുതിയ താമസക്കാർ വന്നിരിക്കുന്നു. എഴുത്തുകാരനാണത്രെ ! രണ്ടു പേരുണ്ട്. ഒരു ചെറുപ്പക്കാരനും, ഒരു പ്രായമായ മനുഷ്യനും”—

“നീ പരിചയപ്പെട്ടോ ”–ജിജ്ഞാസയോടെ അവൾ ചോദിച്ചു. “എന്താ ! നിനക്കറിഞ്ഞിട്ട് എന്തു വേണം ! ആവശ്യമുണ്ടെങ്കിൽ പോയി പരിചയപ്പെട്ടില്ലെങ്കിലേ– ഞാൻ വിളിച്ചുകൊണ്ടുവരാം”—

അനിയന്റെ ശബ്ദം ഉച്ചത്തിലായി—

“പോടാ – എനിക്ക് പരീക്ഷയാണ്. നിന്റെ ഒരു സാഹിത്യകാരൻ”—

— ദേഷ്യം വന്നപ്പോൾ അവളുടെ മുഖം ചുവന്നുതുടുത്തു. അവളുടെ ഉത്തരം കേട്ടപ്പോൾ അവൻ പല്ലിളിച്ചു കാണിച്ചുകൊണ്ട് ഓടിപ്പോയി—

അപ്പോഴും ചെറുപ്പക്കാരനായ സാഹിത്യകാരൻ അവളുടെ മനസ്സിൽ ഉണ്ടായിരുന്നു. മനസ്സ് എങ്ങും പിടിച്ചുനിർത്താനാകുന്നില്ല. വെയിലിന് ചൂടുകൂടി വന്നപ്പോൾ വിശക്കുന്ന കാര്യമോർത്തു. ഉടനെ അമ്മയുടെ വിളിയും കേട്ടു.

മേശക്കു മുന്നിൽ എല്ലാവരും ഒരുമിച്ചിരുന്നപ്പോൾ എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങി. കാപ്പി കുടി കഴിഞ്ഞപ്പോൾ അടുത്തവീട്ടിൽ ആരെങ്കിലും താമസിക്കാൻ വന്നോയെന്നവൾ അമ്മയോട് ചോദിച്ചു—

“ഓ ......ഏതോ സാഹിത്യകാരനാണെന്നു കുറച്ചു ദിവസം മുമ്പ് ഇവിടെ വന്നിരുന്നെന്നു തോന്നുന്നു” അമ്മയുടെ ഉത്തരം തണുപ്പനായിരുന്നു.

“കുടുംബത്തോടെയാണോ വന്നിരിക്കുന്നത്” ? അവൾ വീണ്ടും ചോദിച്ചു.

“എനിക്കറിയില്ല” !

അമ്മയ്ക്ക് അവളുടെ ചോദ്യം പിടിക്കാത്തതു പോലെ തോന്നി.

അവൾ പുസ്തകവുമായി വീണ്ടും പഴയ സ്ഥാനത്തു വന്നു.

വാതിൽ തുറന്നിരിക്കുന്നു– അപ്പോൾ സാഹിത്യകാരൻ ഉണർന്നു കാണും—തീർച്ച.

പെട്ടെന്ന് ആരോ നടക്കുന്നതുപോലെ തോന്നി– ഇല്ല–ആരുമില്ല. വെറും തോന്നൽ മാത്രം.

അങ്ങോട്ടുതന്നെ നോക്കിയിരുന്നപ്പോൾ പരീക്ഷയുടെ കാര്യം പാടെ മറന്നുപോയി. ഒരു പേജുപോലും മറിച്ചിട്ടില്ലായിരുന്നു.

ന്യൂട്രോൺ + ഇലക്ട്രോൺ + പ്രോട്ടോൺ ഇവയെല്ലാം അലിഞ്ഞലിഞ്ഞ് ഇല്ലാതായിത്തീർന്നു.

വെയിലിന്റെ ചൂട് കൂടിവന്നപ്പോൾ നിഴൽ ചെറുതായിത്തുടങ്ങി. നടത്തം നിറുത്തി ചവിട്ടുപടിയിൽ വന്നിരുന്നു.

സമയം ഉച്ചയായപ്പോൾ അച്ഛൻ ഉണ്ണാൻ വിളിച്ചു.

“മോളെ അധികം നടന്ന പഠിക്കണ്ട. ഉണ്ടിട്ട് വന്നിരിക്ക്”–അച്ഛൻ പറഞ്ഞു.

ഇഷ്ടപ്പെട്ട കറികളെല്ലാം ഉണ്ടായിരുന്നിട്ടും വെറുതെ നോക്കിയിരുന്നു. കയ്യിലിരുന്ന പപ്പടം പൊടിച്ച് മേശയിൽ മുഴുവനും ഇട്ടു.

“എന്താ മോള് ഉണ്ണാത്തെ! ആലോചിച്ചുകൊണ്ടിരിക്കുന്നതെന്താണ്”? അമ്മയുടെ ചോദ്യം

“അമ്മേ നാളത്തെ പരീക്ഷയായിരുന്നു”—

അനിയൻ എന്തോ മനസ്സിൽ വെച്ചുകൊണ്ട് പറഞ്ഞതു പോലെ തോന്നി.

“ഓ– ഒന്നുമില്ല – പഠിച്ചതൊക്കെ ഒന്നോർത്തു നോക്കിയതാണ്”.

— പെട്ടെന്ന് കള്ളം പറയാൻ തോന്നി—

ഊണുകഴിഞ്ഞ് അച്ഛൻ എങ്ങോ പോകുവാൻ ഒരുങ്ങി. എവിടെയാണ് പോകുന്നതെന്ന ചോദിക്കാൻ തോന്നിയില്ല.

ഉടനെ തന്നെ അവൾ സ്വന്തം മുറിയിലേക്കു പോയി കട്ടിലിൽ കയറി കിടന്നു. പുസ്തകം അപ്പോഴും കയ്യിൽ തന്നെയുണ്ടായിരുന്നു.

– ചിലപ്പോൾ അച്ഛൻ അയൽവക്കത്തേക്കു പോയതായിരിക്കും. വെറുതെ മനസ്സിൽ പറഞ്ഞു.

പുസ്തകവും തുറന്നു പിടിച്ച് ഒന്നു മയങ്ങിയതേയുള്ളായിരുന്നു. സ്വീകരണ മുറിയിൽ ആരുടെയോ സംസാരം കേട്ടാണ് ഉണർന്നത്. ഒന്ന് അച്ഛനാണ്– മറ്റേതാരാണോ? പറയുന്നതൊന്നും മനസ്സിലാവുന്നില്ല.

പെട്ടെന്ന് അച്ഛന്റെ വിളികേട്ടു.

ചാടിയെഴുന്നേറ്റ് സാരിയൊക്കെ ശരിയാക്കി മുൻവശത്തേക്കു ചെന്നു.

മധ്യപ്രായമുള്ള ഒരാൾ അവിടെ ഇരിക്കുന്നു. ആരാണാവോ? അച്ഛൻ പരിചയപ്പെടുത്താൻ തുടങ്ങി–

“മിസ്റ്റർ സുധാകരൻ, ഇതാണെന്റെ മകൾ–

കോളേജിൽ പഠിക്കുന്നു– ബി എസ്സി കെമിസ്ട്രി”–

ശരി കോളേജ് കുമാരിയാണല്ലേ! എന്താ അടുത്തെങ്ങാനും വല്ല പരീക്ഷയുമുണ്ടോ? നടന്നു പഠിക്കുന്നതു കണ്ടല്ലോ?

ദൈവമേ! അപ്പോൾ ഇയാളാരാണ്! മുഖത്തെ ജാള്യത മറക്കാൻ ശ്രമിച്ചു.

“മോളെ, ഇത് നമ്മുടെ പുതിയ അയൽക്കാരൻ.” തിരുവനന്തപുരത്തു നിന്നും മാറ്റം കിട്ടിവന്നിരിക്കുകയാണ്. ബാങ്കിലാണ് ജോലി. വലിയ എഴുത്തുകാരനാണ്”– അച്ഛൻ ഇതുപറഞ്ഞപ്പോൾ അവൾക്ക് വല്ലാത്ത വിറയൽ അനുഭവപ്പെട്ടു–

സാഹിത്യകാരൻ ചിരിച്ചുകൊണ്ടിരുന്നു.

ഇദ്ദേഹത്തെ കാണാൻ വേണ്ടിയാണോ കൊതിച്ചിരുന്നത്. ഇത് ഒരു പരീക്ഷണം തന്നെയായിരുന്നല്ലോ? സാഹിത്യകാരന്മാരെല്ലാം ചെറുപ്പക്കാരാണെന്ന ധാരണ തെറ്റായിരിക്കുന്നു. സമയം മുഴുവനും പോയി. പരീക്ഷയ്ക്ക് ഒന്നും പഠിച്ചില്ല. എന്തുചെയ്യും–

മനസാ അയാളെ അവൾ ശപിച്ചു.

എങ്ങനെയെങ്കിലും അവിടെ നിന്ന പോന്നാൽ മതിയെന്നായി. അവിടെ ചമ്മിനിന്നപ്പോൾ അച്ഛൻ കാപ്പി കൊണ്ടുവരാൻ പറഞ്ഞു. കൂടെ അമ്മയെ വിളിക്കാനും–

# ശുദ്ധി

സന്തോഷ്കുമാർ കെ.

യുവത്വത്തിന്റെ തിളപ്പിൽ വെള്ളമടിക്കാറായാണ് അയ്യർ നാട്ടിലെത്തിയത്. കൂടെ ജംഗമസാമാനങ്ങളും, കിടക്കയും. അയ്യരുടെ പേര് കേട്ടാൽ മതി രാജാമണിയൻ പറഞ്ഞെത്തും. കെട്ടിപ്പിടിക്കും, ചുംബിക്കും. അയ്യരുടെ കൂടെയാണ് രാജാമണിയന്റെ കളി, ഉണ്ണ്, ഉറക്കം. പാവമാണ്. നിഷ്കളങ്കൻ.

അങ്ങനെയിരിക്കവേ ഇതോളം രണ്ട് പ്രാവശ്യം നട്ടംതിരിഞ്ഞു. മൂന്നാം പ്രാവശ്യം തിരിഞ്ഞ് സന്ധ്യയായപ്പോൾ രാജാമണിയൻ പാഞ്ഞുവന്നു. അയ്യരെ എടുത്ത് കിളച്ചേക്കാമെന്ന് തോന്നി. അയ്യർ ആകാംക്ഷ അടക്കിയിച്ച് ചോദിച്ചു.

"എന്നാടാ...രാശാമണീ...നീ വെമ്പൽ പൂണ്ടിരിക്കുന്നത്?"

രാജാമണിയൻ വാപൊളിച്ച്, കണ്ണുമിഴിച്ച് കാട്ടി. കരാ വായുവലിച്ചെടുത്തു. നിശ്വസിച്ചു.

"ശൊല്ലെടാ"

"അയ്യാങ്കളേ, നീങ്കളെന്നിട്ട് ഒരു കാരിയം ശൊല്ലിയിരുന്നതോ, അത് അപ്പടിതാൻ ശരിയാച്ച്"

"എന്ന കാരിയമെടാ?"

"അത്"...... അത്"......അന്ത്"......"ബാക്കിയുള്ളത് രാജാമണിയനെന്ന രണ്ടും കെട്ടവൻ കഥകളി കളിച്ച് കാട്ടിക്കൊടുത്തു.

തെകണക്കിന് അവിടെ നിന്നും തലയൂരി അയാളുടെ അടുക്കൽ കാപ്പിയുടെ കാര്യം പറഞ്ഞിട്ട് കട്ടിലിൽ കയറികിടന്നു. സങ്കടത്തേക്കാളേറെ സന്തോഷമാണ തോന്നിയത്. പഠിയ അമ്മിയെക്കരിച്ചോർത്തപ്പോൾ പരീക്ഷയുടെ കാര്യം മറന്നുപോയി. അടുത്ത ദിവസം കൂട്ടുകാരോട് എന്തുപറയാണ് ഈ കാര്യം വിശദീകരിക്കേണ്ടതെന്നറിയാതെ ചിന്തിച്ചു കിടന്നു. □



അപ്പോഴാണ് അയ്യർക്ക് ബോധം വീണത്. പരീക്ഷ് പറ്റിയില്ലെന്ന് മാത്രം.

"അപ്പടിയാനാ... ...ശരിയാപ്പാ......ടാ ...രാമാമണി......ശീങ്കമെ നീങ്കതാൻ നമ്മ ഉററ ഫ്രണ്ട്"

അയ്യർ രാജാ മണിയനെ കെട്ടിപ്പിടിച്ചു. രാജാമണിയൻ വെള്ളം കുടിക്കണമെന്നും ഇടന് മാതാപിതാക്കളെ കാണണമെന്നും പറഞ്ഞത്രെ!

"വിശദമായി ശൊല്ലെടാ രാശാമണീ" അയ്യർ പറഞ്ഞു.

രാജാമണിയൻ കാണാപാഠം ചൊല്ലുന്നതു പോലെ ഇരുന്നതിൽ ചൊല്ലി.

"ഇന്ന് രാത്രില് അന്ത നാല്ല് വലിക്കപ്പുറം എന്ന വഴിയില്ലയാ. അന്ത ഏടവഴില് വച്ച് പാക്കലാം എന്ന് ശൊല്ലിട്ടേൻ. അപ്പുറം പറന്ത് പോനാങ്കളാ"

അയ്യർക്ക് സന്തോഷം കൊണ്ട് വീർപ്പ് മുട്ടി.

സമയം വേഗമിഴഞ്ഞു നീങ്ങി. രാത്രിയായെന്ന് രാജാമണിയനും അയ്യരും പറഞ്ഞു. രണ്ടാം സിനിമ തുടങ്ങുന്നു എന്നു പറഞ്ഞ്, അയ്യർ ഒരു കൈലിയുമെടുത്ത് പ്രാകെ രാജാമണിയൻ വഴി പുതച്ച് മാത്രിൽ നിന്നിറങ്ങി.

'അമ്മാവും, അപ്പാവും അപ്പടിതാൻ എല്ലാരുമെല്ലാം വിശ്വസിച്ചിന്ന് കേട്ടേൻ'

ചന്ദനെന്ന പഹയൻ മേഘങ്ങളിൽ നിന്ന് പുറത്ത് വരികയും അകത്ത് കയറുകയും ചെയ്യുന്നു. തണുപ്പെന്ന കഴുവേറി അയ്യരെ കളരിൽ ഉണ്ടി. ചെന്നില്ലന്നയുള്ളൂ.

നാൽക്കവല കണ്ടു; ഇടവഴികണ്ടു.

അയ്യർ രാജാമണിയനെ നാൽക്കവലയിൽ നിർത്തി, അപ്പോൾ വരട്ടിനാണെന്ന് പറഞ്ഞു.

അയ്യർ ഇടവഴിയിലേക്ക് കടന്നു.

ഒരാൾ രൂപം അയ്യരെ സമീപിച്ചുവത്രെ! അവർ തമ്മിൽ എന്തോ പറഞ്ഞിരുന്നു. ചില്ലറനാണയങ്ങൾ കിലുങ്ങുന്ന ഒച്ചകേട്ട് രാജാമണിയൻ വെളിച്ചപ്പാട് വരുന്നെന്ന് കരുതി കരഞ്ഞത്രെ!

അതും, ആൾരൂപവും പൊന്തക്കാടിന്റെ ചുവട്ടിലേക്ക് മറഞ്ഞു. മറിഞ്ഞതന്നാണ് തോന്നിയത്. പിന്നെ ഒന്നും അറിയാൻ പാടില്ലായിരുന്നു.

രണ്ടാം സിനിമ കഴിഞ്ഞെന്ന് രാജാമണിയനെന്ന ബുദ്ധിജീവി മനസ്സിലാക്കി. ജനം കവലയിലെത്തിയപ്പോൾ അവരുടെ കൂട്ടത്തിൽ അലിഞ്ഞ് രാജാമണി വീട്ടിലേക്ക് മടങ്ങി.

രണ്ടാം സിനിമ കഴിഞ്ഞു എന്ന് 'മാ'ത്തിൽ വച്ച് അപ്പാവും, അമ്മാവും ഗാഢമായി വിശ്വസിച്ചു. കാരണം, മഠത്തിന്റെ മുൻപിലത്തെ ജനപഥം ജനം കയ്യേറിയിരുന്നു.

അപ്പാവും, അമ്മാവും തങ്ങളുടെ ശിങ്കാരത്തിനെ കാത്തിരുന്നു. കാണാതായപ്പോൾ അമ്മാവുക്ക് കരച്ചിൽവന്നു. അപ്പാവ് അമ്മാവുടെ കണ്ണുനീരൊപ്പി. കരച്ചിൽ നിന്ന് പോയെന്ന് അമ്മാവ് പറഞ്ഞു.

പിന്നീട് അപ്പാവും, അമ്മാവും അയ്യരെ തിരക്കി യാത്രയായി. റാന്തൽ കത്തിച്ച് വെളിച്ചം പരത്തി അപ്പാവ് മുന്നാലെ; പിന്നാലെ അമ്മാവ്.

ജാഥ നീങ്ങ് വന്ന് കവലയിലെത്തി.

'റിട്ടേൺ' തിരിഞ്ഞ് മഠത്തിലേക്ക് മടങ്ങാൻ പോവും ജാഥ നിശ്ചയിച്ചുവത്രെ! പെട്ടെന്ന് അപ്പാവുക്കൊരു ബുദ്ധിതോന്നിയെന്ന് അമ്മാവ് പറഞ്ഞു.

അപ്പാവും, അമ്മാവും ഇടവഴിയിലേക്ക് കയറി.

ദൈവം കാണിച്ചു കൊടുത്തതാണെന്ന് അമ്മാവ്.

അല്ല കാലനാണെന്ന് അപ്പാവ്.

"പാട്ടി! പാത്തിട്ടാങ്കളാ......അതെ" അപ്പാവ് ചോദിച്ചു.

"എന്നാ......അതെ എന്നാ"

"ഉങ്കളുടെ തലൈ" അപ്പാവ് ചൂടായിരുന്നു.

ഇടന് അപ്പാവ് വിളക്കം കൊണ്ട് പൊന്തക്കാട്ടിലേക്ക് ചാടിച്ചെന്നു. ബഹളത്തിൽ മറെറയാൾ രൂപം ഒരു സ്ത്രീയായി മാറിയിരുന്നു.

അപ്പാവുക്ക് രൈഫിളിൽ "എയിം" കിട്ടിയില്ലത്രെ! അത്രക്ക് വേഗമായിരുന്നു സ്ത്രീരൂപത്തിന്.

കൂടാതെ ബോധംകെട്ട് ഉറങ്ങിയിരുന്ന അയ്യരെ കണ്ടു. അയ്യർ നല്ല ഉറക്കത്തിലായിരുന്നോ എന്ന് അമ്മാവുക്ക് ചോദിക്കണമെന്നും, വേണ്ടായെന്നും തോന്നി.

x x x x x x

പിറെറന്ന് പൊതുജനം അറിയുന്നതിന് മുമ്പ് അപ്പാവും, അമ്മാവും അയ്യരെ മഠത്തിലെത്തിച്ചു. മഠത്തിലെത്തിയപ്പോൾ അപ്പാവ് പറഞ്ഞത്രെ:

"പാട്ടി... കൊഞ്ചം ചൂട് തണ്ണി പോട്"

"എന്നതുക്ക്"

"ശുദ്ധിവരത്തുക്ക്" □

അമൂല്യനിമിഷങ്ങളെ
അഴകററ ചിത്രങ്ങളിൽ
അനശ്വരമാക്കുക.
CHAMPION STUDIO
ALWAYE
KERALA
PHONE: 394
PHOTOGRAPHERS & PHOTO-GOODS DEALERS

Contact
SPORTS CENTRE
DEALERS IN SPORTS & TOYS
PRESS CLUB ROAD, ERNAKULAM
COCHIN - 11
Prop: A. R. JOSEPH
PHONE 31981

ഞാൻ സ്നേഹിച്ചു. എല്ലാം മറന്നവളെ ആരാധിച്ചു. വനാന്ത്ര പുഷ്പത്തിൻെറ ഇതളുകൾ വിടർന്നു. അതിനുള്ളിൽ തങ്ങിനിന്ന മഞ്ഞിൻതുള്ളിയിൽ അവളുടെ ആർദ്രമായ കറുത്ത കണ്ണുകൾകണ്ടു.

എൻെറ ഹൃദയംതുടിച്ചു.

ഞാൻ വേദനിച്ചു.

വേദനയിലൂടെ പുഞ്ചിരിച്ചു. പക്ഷെ ആരും അറിയാതെ.

റോസാപുഷ്പത്തിൻെറ ഇല്ലികൾക്കുള്ളിൽ ഊറിനിന്ന തേൻതുള്ളിയിൽ ഞാനവളുടെ കൊച്ചധരങ്ങൾ കണ്ടു.

ചുവന്നതു്.

തുടുത്തതു്.

എൻെറ ഹൃദയത്തിൻെറ വേദന ചിരിയിലലിഞ്ഞു.

വനമധ്യത്തിൽ ഒരു കൊച്ചുതടാകം. തടാകത്തിൽ ഒരു ഗന്ധർവ്വകന്യക, ചുററിലും നില്ക്കുന്ന പാലപ്പൂവിൻെറ പരുത്ത പരിമളത്തിൽ ലയിച്ചു് നഗ്നയായി നീരാടുന്നു. ആ ഗന്ധർവ്വകന്യകയുടെ വെണ്ണക്കൽ ശരീരത്തിലെ വളവുകളിലും ചെരിവുകളിലും ഞാനവളെ കണ്ടു.

എൻെറ മാനസപ്രിയയെ,

എൻെറ ഇഷ്ടദേവതയെ,

വെൺമേഘത്തിൻെറ നിറമുള്ള ചായം അലിയിച്ചു. ആ ചായത്തിൽ മുക്കി ഒരു വെള്ളപുടവ നെയ്തെടുത്തു. വായുവിനേക്കാൾ നേർമ്മയുള്ളതായിരുന്നു അതു്. ഞാൻ നഗ്നമായ ശരീരത്തിൽ അണിയിച്ചു. പ്രപഞ്ചത്തിലെ പുഷ്പങ്ങളുടെ വർണ്ണമെല്ലാം ആ പുടവയിൽ ഇണക്കിച്ചേർത്തു.



ആൻറണി പി. ഏ

# നിള

എൻെറ രക്തത്തിൻെറ നിറം വെളുത്തതായിരുന്നു. ഒരു തുള്ളി വെളുത്ത രക്തം ആ നെററിയിൽ ചാർത്തി.

ഭൂമിയിലെ വെണ്ണക്കല്ലുകൾ പെറുക്കിയെടുത്തു് ഒരു വെൺ ഗോപുരം ഞാൻ പണികഴിപ്പിച്ചു. അതിന്നു മുൻവശത്തു്, ധനമാസത്തിലെ നിലാവുള്ള രാത്രിയിൽ പൂക്കുന്നതിനു് ഒരു പാലയും നട്ടുവളർത്തി.

വർഷങ്ങൾ പൊട്ടിച്ചിരിച്ചും, പൊട്ടിക്കരഞ്ഞും കടന്നുപോയി.

ഹൃദയം വേദനിച്ചു.

ഞരമ്പുകളെല്ലാം വലിഞ്ഞുമുറുകി.

ആത്മാവിനുള്ളിൽ കൊടുങ്കാറ്റുണ്ടായി. പുറമേ ശാന്തമായ കൊടുങ്കാറ്റു്, ഞാൻ ആ ശില്പത്തിൻെറ മുഖത്തു നോക്കി—അതെ, ഞാൻ രൂപംനല്കിയ ശില്പത്തിൻെറ, ഓരോ അവയവും സസൂക്ഷ്മം നോക്കി. അവസാനത്തെ മിനുക്കുപണിയും ചെയ്തുകഴിഞ്ഞു. ശില്പത്തിൻെറ നിമ്നോന്നതങ്ങളിൽ വിരൽസ്പർശിച്ചു് ഞാൻ നഗ്നശിരസ്കനായി നിന്നു. എൻെറ ചൂടുള്ള ശ്വാസവായു ആ ശില്പത്തിൻെറ കവിൾത്തടങ്ങളിൽ സ്പർശിച്ചു.

ശിൽപം വിറയിൽ കൊണ്ടു.

ചുണ്ടുകൾ പതുക്കെ ഇളകിചലിച്ചു.

കണ്ണുകൾ ആർദ്രമായി.

ഇടറുന്ന ശബ്ദസ്വരത്തിൽ ഞാനവളെ വിളിച്ചു.

'ഉഷസ്സേ'.........അതായിരുന്നു ഞാൻ ആ ശില്പത്തിനിട്ട പേരു്.

'ഉഷസ്സ്'

അവൾ വിളികേട്ടില്ല.

കണ്ണുകൾ എന്നിലേയ്ക്കുയർത്തിനോക്കി. ആ കണ്ണുകളിൽ നീർതുള്ളികൾ പരക്കുന്നതു് ഞാൻ കണ്ടു. എൻെറ കണ്ണുകൾ വിറച്ചു. വീണ്ടും അക്ഷരങ്ങൾ അടർത്തിയെടുത്തു് പതുക്കെ വിളിച്ചു.

ഉഷസ്സ്......

അവൾ ഞെട്ടി. ആ ശബ്ദത്തിൽ കടലിൻെറ ഇരമ്പലുണ്ടായിരുന്നു. കൊടുംകാററിൻെറ വേഗതയുണ്ടായിരുന്നു. ഇരുട്ടിലെ വെളിച്ചവും നിശബ്ദതയിലെ ശബ്ദവുമായിരുന്നു ആ മന്ദമായുണ്ടായ മുരൾ.

ഞാനതു കേട്ടില്ല. എൻെറ ഞരമ്പുകളിലെ വെളുത്തരക്തം തണുത്തു. ഞരമ്പുകൾ അയഞ്ഞു. എൻെറ ഹൃദയത്തിൻെറ വേദനിക്കുന്ന സ്പന്ദനം നിലച്ചു.

ശില്പി മരിച്ചു. ഞാൻ രൂപംകൊടുത്ത ശില്പം ജീവനുള്ളതായി. എൻെറ ആത്മാവു മുഴുവൻ ആ ശില്പത്തിലേയ്ക്കു് അലിഞ്ഞുചേർന്നു.

കണ്ണുകൾ പ്രകാശിച്ചു.

ഹൃദയത്തിൻെറ ആദ്യചലനം ആരംഭിച്ചു.

പ്രപഞ്ചത്തിൻെറ ശബ്ദം.

രാക്കിളികൾ പാടി. ചീവീടുകൾ താളംപിടിച്ചു. പ്രഭാതം പൊൻകതിർവിതറിവിടർന്നു. അകലെ മണിനാദം മുഴങ്ങി എനിക്കുവേണ്ടി.

ആ മണിനാദം ആരുടേതാണെന്നു ചോദിക്കാൻ എൻെറ പൊന്നുഷസ്സിൻെറ അധരം വിടർന്നോ...

ശവമഞ്ചത്തിനു പിൻപിൽ ശില്പത്തിനുവേണ്ടി വിലപിക്കാൻ ഉഷസ്സുണ്ടായിരുന്നോ...

ആറടിമണ്ണിൽ തെമ്പടി മണ്ണുവാരിയാൻ മണൽത്തരിപോലെ മാർദ്ദവമുള്ള ഉഷസ്സിൻെറ കൈകൾ വന്നോ...

കല്ലറയ്ക്കുമുകളിൽ രണ്ടുതുള്ളി ചുടുകണ്ണീർ ഒഴുക്കാൻ ആ ദേവതവന്നോ...

ഇല്ല.

ഇല്ല.

ഞാൻ എന്ന ശില്പി ആത്മാവില്ലാതെ സംതൃപ്തിയടഞ്ഞു.

മരണത്തിൻെറ സുഗന്ധമുള്ള സംതൃപ്തി.

എന്നെ ആശ്ചര്യപ്പെടുത്തി.

സ്നേഹമുള്ള മനുഷ്യരല്ല.

സ്നേഹമുള്ള ഉഷസ്സല്ല.

സ്നേഹമെന്തെന്നറിയാത്ത ചെറിയ് ചെടികൾ. എൻെറ കല്ലറയ്ക്കുമുകളിൽ ആരാരും അറിയാതെ മുളച്ചു് അതിൻെറ ഇലകൾകൊണ്ടു തലോടി. ചെറിയ പുഷ്പങ്ങൾക്കു് കണ്ണുകൾ ഉള്ളതായി ഞാൻ കണ്ടു. ആ കണ്ണുകളിൽ തങ്ങിനിന്നതു് പ്രഭാതത്തിൻെറ കണ്ണീർതുള്ളികളായിരുന്നു. ആ മൃത്യുവിൻെറ മിത്രങ്ങളെ സ്നേഹിച്ചു. അവ എനിക്കുവേണ്ടി മൊട്ടുകളെ വിരിയിച്ചു.

പ്രഭാതത്തിൽ.

കുളിർകാററിൽ

അവ എന്നിൽ അർപ്പിച്ചു.

രാത്രികൾ നക്ഷത്രമൊട്ടുകളെ വിരിയിച്ചു. നിഴലുകൾ ഭൂമിയിൽ പതിച്ചു. പകലുകൾ വർണ്ണങ്ങളേകി. അവ ഇളകി ആടി ഭൂമിയിൽ പടർന്നു നൃത്തംവച്ചു. നിലാവിൽ ഇരുട്ടു് അലിഞ്ഞുചേർന്നു. നിശാപുഷ്പങ്ങൾ സുഗന്ധം വാരിവിതറി.

ഇളംകാററു് പാലപ്പൂക്കളെ തഴുകി. ഗോപുരത്തെ സ്പർശിച്ചു. ഉഷസ്സു് കണ്ണുകൾ തുറന്നു. നിലാവിൽ കുളിച്ചുനിൽക്കുന്ന രാത്രിയിലേയ്ക്കു നോക്കി.

ഹൃദയംതുടിച്ചു.

ഉഷസ്സു് അവളിലേയ്ക്കുനോക്കി. അകലെ വെള്ളമേഘക്കീറുകളും, നീല തടാകവും കണ്ടു. സൗന്ദര്യം എന്തെന്നറിയാൻ ഉഷസ്സിൻെറ ഹൃദയം വെമ്പൽകൊണ്ടു.

ദേവന്മാർ അവളെ സ്നേഹിച്ചു. ഇളകിയ മനസ്സുള്ളവർ. ഇളകിയതിനെ ഉറപ്പിക്കാൻ ശ്രമിച്ചവർ. അവർ ചുണ്ടുകളിൽ മുല്ലപ്പൂക്കളെ വിരിയിച്ചു.

ഉഷസ്സു് അവരെ ഇഷ്ടപ്പെട്ടു. ദേവകുമാരന്മാരെ സ്നേഹിച്ചു. സ്നേഹമെന്തെന്നറിയാൻ എല്ലാം മറന്നവൾ സ്നേഹിച്ചു. ഒരു തുള്ളി ആ ദേവകുമാരന്മാരുടെ ബലിഷ്ഠമായ വലയങ്ങൾക്കുള്ളിൽ അഭയം തേടി.

അധരങ്ങൾ അധരങ്ങളോടടുപ്പിച്ചു.

സ്പർശിച്ചു.

നിമിഷങ്ങൾ ഉതിർന്നു.

കണ്ണുനീർ അടർന്നു. നിലാവിൽ ഉലയുന്ന നിഴൽ പോലെ ദേവകുമാരന്മാരുടെ ശരീരത്തിൽ സ്പർശിച്ചു് ഇഴകി ഉലഞ്ഞു് താഴെവീണു.

ദേവകുമാരന്മാർ മറന്നു. അവർ അഭിമാനത്തിന്റെ പൊന്നാട പോക്കിപ്പിടിച്ചു് സ്വർഗ്ഗത്തിലെ ചന്ദനവീഥികളിലൂടെ ഉടനിറങ്ങി. ചവിട്ടിമെതിച്ച വഴിയിലെ ഇളം ചെടികൾ അവർ ശ്വസിച്ച വിഷവായുവേററു് വാടിക്കരിഞ്ഞു.

വർഷങ്ങൾ പലതുകഴിഞ്ഞു ഗോപുരത്തിനു മുന്നിൽ നിന്ന പാല മുന്തപ്രാവശ്യം പൂത്തുലഞ്ഞു. ശലഭങ്ങൾ ഇണകളായി അതിനുചുററും പറന്നുല്ലസിച്ചു.

അവൾ ഉണരാതെയായിരുന്നു.

വർഷങ്ങൾക്കുശേഷം ശരീരത്തിൻെറ നീല നിറം മാറി.

ചുണ്ടുകളിൽ പുഞ്ചിരിയും

കാലുകളിൽ ചിലങ്കയും മുഴങ്ങി.

ഉഷസ്സു് എന്ന ജീവനുള്ള ശില്പം വർഷങ്ങൾ അടർന്നുവീണതു് നോക്കിനിന്നു.

സൗന്ദര്യം തിരിച്ചുകിട്ടി.

അവൾ ദേവകുമാരന്മാരുടെ സ്നേഹത്തെ വെറുത്തു. ദേവസമൂഹത്തെ വെറുത്തു. താളം, താളലയം, എന്തെന്നറിയാൻ അവളുടെ ഹൃദയം വെമ്പൽ കൊണ്ടു.

കനകക്കുഷ്പ്പുറത്തു്, നീലതടാകത്തിനപ്പുറത്തു് മിന്നിത്തിളങ്ങുന്ന മണിഗോപുരത്തിലേക്കവൾ നോക്കി. ആ ഗന്ധർവ്വന്മാരുടെ ഗോപുരത്തിലേയ്ക്കു്.

ഹൃദയത്തുടിപ്പോടെ.

പിലനകിലുങ്ങാതെ

അവൾ ആ കല്ലിന്മേൽ കയറി, രോമാഞ്ചമണിയിക്കു ന്ന ഗോപുരത്തിലേയ്ക്ക് കടന്നുചെന്നു. മനോഹരമായ പൂഞ്ചെടികൾ നിരന്നുനിൽക്കുന്നു. നിറഞ്ഞുനിൽക്കുന്ന തേൻമാവുകൾ. സ്ഫടികം കൊണ്ടുള്ള പരവതാനി.

അവൾ ഇഷ്ടപ്പെട്ടു.

ഗോപുരത്തെ–

തേൻമാവുകളെ

പരവതാനിയെ.

എങ്ങും നിശബ്ദത തളംകെട്ടിനിൽക്കുന്നു. ഉഷസ്സ് തലതിരിച്ച് ഇടവലവശത്തേയ്ക്കു നോക്കി. അതാ നില്ക്കുന്നു തേജോമയനായ ദേവൻ. എല്ലാം മറന്നവൾ സൂക്ഷിച്ചുനോക്കി. കൺകളിലേ നോക്കി. ആ സുന്ദര ഗാത്രനെ.

നിശബ്ദത

എങ്ങും നിശബ്ദത.

ഗന്ധർവ്വകുമാരൻ വലതേ ചൂണ്ടുവിരൽ ഒന്നു ചലിപ്പിച്ചു. ശബ്ദമുഖരിതമായി.

കിളി ഇളകിമറിഞ്ഞു.

നക്ഷത്രങ്ങൾ വിറച്ചു.

പുഷ്പങ്ങൾ അടർന്നുവീണു.

നിറങ്ങൾ കൂടിക്കലർന്നു. നീലിമ. എങ്ങും നീലിമ പ്രപഞ്ചം കീഴ്മേൽ മറിഞ്ഞു. ഉഷസ്സ് നൃത്തം ഇടുന്നു.

രൂപങ്ങൾ.

ഭാവങ്ങൾ, മാറി മാറിവന്നു. വെള്ളക്കുന്ന് ഞെരിഞ്ഞമർന്നു. നീലവർണ്ണാകാശം നിറഞ്ഞൊഴുകിവന്നു, ഇലഞ്ഞോടി. ഗന്ധർവ്വകുമാരൻ വള്ളിയായി, രാഗമായി, സുഗന്ധമായി.

അവളിലേയ്ക്കലിഞ്ഞുചേർന്നു.

ഉഷസ്സ് മിഴിച്ചു നിന്നു; ആരാധിച്ചിരുന്ന, നൃത്തം പഠിപ്പിച്ച, വള്ളികളാക്കിയ, സുഗന്ധമാക്കിയ തന്നെ പ്രിയപ്പെട്ടവനെ കണ്ടില്ല.

മാമ്പൂവിൽ മധുനുകരാൻ വന്ന വണ്ടുകളോട് ചോദിച്ചു: തന്നെ നൃത്തം പഠിപ്പിച്ച തൻെറ ആരാധകനെ കണ്ടോ എന്ന്. ഉത്തരം ഇല്ല എന്നായിരുന്നു. വിടരാൻ തിടുക്കം കൂട്ടിനിന്ന ആമ്പൽ മൊട്ടുകളോട് ചോദിച്ചു. മുല്ലമൊട്ടുകളോട് ചോദിച്ചു. ഇല്ല എന്ന മറുപടിയും സഹതാപത്തോടു കൂടിയുള്ള നോട്ടവും മാത്രം.

ഗോപുരത്തിന് മുൻപിലെ ശില്പി നട്ടുവളർത്തിയ പാലമരം നിറയെ പൂത്തുലഞ്ഞിരിക്കുന്നു. ശലഭങ്ങൾ ഇണകളായി വട്ടമിട്ടുപറന്നു. പാലപ്പൂക്കളിൽ ഇരുന്ന് കളിച്ചു.

ഉഷസ്സ് കണ്ണുകൾ ഉയർത്തിനോക്കി.

പാലപ്പൂക്കളെല്ലാം നിമിഷങ്ങൾക്കകം കൊഴിഞ്ഞുവീണു. ശലഭങ്ങൾ പറന്നകന്നു. അവൾ തിരിഞ്ഞുനോക്കി. കൊഴിഞ്ഞുവീണ പാലപ്പൂക്കൾ മുള്ളുകളായി മാറി. മുൾത്തുമ്പുകൾ. ശരീരത്തിൽ തറച്ചുകയറി. മുള്ളുകളെല്ലാം ഒരു ബിന്ദുവായി ഹൃദയത്തിലേയ്ക്കു പാഞ്ഞു കയറി. അവൾ, "ഉഷസ്സ്" വേദനകൊണ്ടു പിടഞ്ഞു.

പ്രഭാതത്തിന് പ്രകാശമുണ്ടായില്ല. തണുപ്പിന് കുറവുണ്ടായില്ല. വേദനയാൽ പിടഞ്ഞ ഉഷസ്സ് നെഞ്ചമർത്തി പിടിച്ചു. വിദൂരതയിലേയ്ക്കു നോക്കി.

അതാ അങ്ങകലെ കണ്ണഞ്ചിക്കുന്ന ഒരു പ്രകാശത്തിൻെറ തേജോഗോളം. പ്രകാശത്താൽ കറുപ്പാകാശം അതാ വീണ്ടും പ്രകാശിക്കുന്നു. വള്ളികൾ മാറിമാറി ആ ഗോളത്തിൽ പ്രകാശിച്ചു. ആ വള്ളിമാറാങ്ങൾ അവളുടെ മുഖത്ത് സ്പഷ്ടമായി സ്പർശിച്ചു.

ആ വലിയ ഗോളം നിമിഷങ്ങൾ കൊഴിയും തോറും സങ്കോചിച്ചുകൊണ്ടിരുന്നു.

ഉഷസ്സ് നെഞ്ചമർത്തിപിടിച്ച് ആ ബിന്ദുവിലേയ്ക്ക് ഓടി അടുത്തു. മുറിവിൽകൂടി ഓരോന്നിലെ രക്തമെല്ലാം ചെർച്ചിറങ്ങി. ശരീരത്തിൻെറ അസ്ഥികളെല്ലാം അടർന്നു താഴെ വീണു.

അസ്ഥിയുടെ വെളുപ്പും, രക്തത്തിൻെറ ചുവപ്പും കലർന്ന ആ ഐറിഷ് പുഷ്പത്തിൽനിന്ന് ഒരു മണം കണം അടർന്നുവീണു

ശില്പിക്കുവേണ്ടി

For anything in Photography

VIGILS STUDIO

C. S. I. Shopping Centre

ALWAYE





റാധാകൃഷ്ണൻ കെ.

# അവസാനത്തിൻെറ ആരംഭം

മരണത്തിൻെറ ഗന്ധംതിങ്ങിനിറഞ്ഞുനിന്നു. അറിയപ്പെടാത്ത അരൂപനിമിഷങ്ങളുടെ പ്രതിരൂപങ്ങൾ വേതാളങ്ങളെപ്പോലെ ആയാൾക്കുചുറ്റും പാഞ്ഞടുത്തു. മരണത്തിൻെറ കാഹളം പിന്നെ അടുത്തടുത്തുവരുന്നു. നിമിഷങ്ങൾക്കുള്ളിൽ മരണമിതാ വീണ്ടും വന്നിരിക്കുന്നു; പഴയരൂപത്തിൽ, പഴയഭാവത്തിൽ.

വൃദ്ധൻെറ കണ്ണിൽനിന്ന് രക്തംകിനിഞ്ഞു. ഹൃദയത്തിൽ നിന്ന് തീനാളങ്ങൾ ഉയർന്നു. തെക്കേ തൊടിയിൽ കത്തിപ്പടരുന്ന ചിത. ചിതയിൽ കത്തിയെരിയുന്ന മകൾ.........രമണി.

മൂന്നുതലമുറകളുടെ മരണം വൃദ്ധൻ ദർശിച്ചതാണ്. വേദനയോടെ, വെറുപ്പോടെ അന്ന് ശപിച്ചു. "ഇനിയൊരിക്കലും ജന്മപരമ്പരകളുണ്ടാകാതെ പോകട്ടെ" എന്ന് പക്ഷെ, വീണ്ടും ജന്മങ്ങൾ നീണ്ടു... നശിക്കാൻ വേണ്ടി... ആ കണ്ണി അവസാനിക്കുന്നില്ല.

മാലിനി...സുമിത്ര...രമണി, മരണത്തിൻെറ വിനിമയങ്ങൾ! മടിയിലിരുത്തി ലാളിച്ച് പാലും പഴവും കൊടുത്ത് വളർത്തി, അവസാനം മരണത്തിന് കാഴ്ചവെക്കേണ്ടിവന്നു, ഇടത്ത യൗവനത്തിൽ!!

കത്തിയെരിയുന്ന ചിതയിൽനിന്ന് പുകച്ചുരുളുകൾ ഉയരുന്നു. നരിച്ചീറുകൾ പറന്നകലുമ്പോൾ മരണത്തിൻെറ ഗന്ധം ഹൃദയത്തിൽ കുത്തിപ്പിടിക്കുന്നു. ഞരമ്പുകളിൽ നിന്ന് ചോരവാർന്നുപോയി. കണ്ണീരിൻെറ ഉറവ വറ്റിപ്പോയി.

ചുറ്റും അനുശോചനങ്ങൾ. വിധിയെപഴിക്കുന്ന ദീർഘശ്വാസങ്ങൾ അലമുറയിട്ട് കരയുന്ന അയൽ വക്കത്തെ പെണ്ണുങ്ങൾ......

ഇതാദ്യമായല്ല ഇതിനുമുമ്പ് രണ്ടുതവണ ഇവിടെ വന്നു കൂടി. കാഴ്ച പുതുമയില്ല, വാക്കുകൾക്ക് പുതുമയില്ല. വേദനകൾക്ക് പുതുമയില്ല. മരണം, മരണഗന്ധം, മരവിപ്പ്.

മാലിനിയുടെ മരണം............ വിധിയാണ് ശപിക്കാൻ...വിധി...സ്വീകരിക്കാതെപറ്റുമോ. മാലിനിയുടെ മാതാവ് മകളെ പെൺകുഞ്ഞിനെ തന്നിട്ടല്ലേ അവൾ പോയത്. വിധി സ്വീകരിച്ചു.....വിധി, എല്ലാം കാണാൻ വേണ്ടി, അനുഭവിക്കാൻ വേണ്ടി ശപിക്കപ്പെട്ട താൻ ജീവിച്ചു. ശാപത്തിൻെറ ചങ്ങല നീണ്ടു.

സുമിത്ര..................... കരയാൻ കണ്ണീരില്ല. ചോരക്കുഞ്ഞിൻെറ ചോരിവായിൽനിന്ന് നിസ്സഹായ തയുടെ രോദനമുയർന്നപ്പോൾ സുമിത്രയുടെ കത്തിയെരിയുന്ന ചിതയിൽചാടി മരിക്കാനാശിച്ചു. അപ്പോഴും

വിധിയാണ് ശങ്കരൻ, വിധി......അനുഭവിച്ചേ പറ്റൂ ........ പൂർവജന്മങ്ങളിലെ പാപമാണ്.

പാവം ശങ്കരൻ! ഈ പെൺകുഞ്ഞിൻെറ ഗതി എന്താവുമോ ...... ശാപം കിട്ടിയ തലമുറയോ... ഇവിടെ തീരുമോ എന്തോ?

രമണി......................

ഉന്മാദാവസ്ഥയാണ്. തലച്ചോറിൽ നരിച്ചീറുകൾ ഇരുന്ന് ഞരമ്പുകളിൽ അള്ളിപ്പിടിച്ച്, സങ്കടങ്ങിക്കുന്നു. ഞരമ്പുകളിൽ അള്ളിപ്പിടിച്ച്, പൊട്ടിച്ചിരിക്കാൻ തോന്നി...... ഇത് ആരംഭമാണ്, ഇടക്ക മാലിനിയില്ല, സുമിത്രയില്ല, രമണിയില്ല..... ചോരച്ച ഇരുട്ടുമാത്രം. ഇരുട്ടിൽ ചോരപ്പ് — പുഴ കുത്തിപ്പിടിച്ച ഇരുട്ടുമാത്രം. താമരപ്പൂക്കളിൽ ചോരയിൽ വെളുത്തതാമരപ്പൂക്കൾ...... അവസ്ഥ രൂപാന്തരം സംഭവിക്കുന്നു. രക്തങ്ങൾ...... അവസ്ഥ രൂപാന്തരം സംഭവിക്കുന്നു. വേതാളങ്ങൾ ഉയരുന്ന ആ വേതാളങ്ങളുടെ കൈകളിൽ ക്രൂശിക്കപ്പെട്ട മനുഷ്യപുത്രൻെറ ക്രൂശിതശരീരങ്ങൾ. ഭയം! കണ്ണുപൊത്തി.

ബോധം വീണപ്പോൾ ചുറ്റും ആരുമില്ല. നിമിഷങ്ങളുടെ കനം കൂടിയ പാടുകൾ ഒന്നിന് മീതെ ഒന്നായി അടിഞ്ഞുകൂടി. ശൂന്യത... ശൂന്യത. ഇവിടെ ദുഃഖമില്ല...... പെട്ടെന്ന് തലച്ചോറിൽ വേദന..... ഇത്തമ്പാണികൾ ആഞ്ഞടിച്ചുതറച്ചു...... ഉള്ളിൽ കുത്തിയ വസ്തു കീറുന്നു.

വൃദ്ധൻ പരിഭ്രമിച്ചുണർന്നു; അടുത്തമുറിയിലേക്ക്

# വ്യവസായങ്ങളുടെ വ്യവസായം

വ്യവസായങ്ങളുടെ വ്യവസായമാണ്

ടി. സി. സി.

ഇതൊരത്യുക്തിയായി തോന്നാം
പക്ഷെ വാസ്തവമാണ്.

സോപ്പ്, റയോൺസ്, വനസ്പതി, രാസവളങ്ങൾ, അലുമിനിയം, പെട്രോൾ, പെയിൻറ്, ഗ്ലാസ്സ്, റബ്ബർ, തുകൽ, പ്ലാസ്റ്റിക്, സ്ഫോടക വസ്തുക്കൾ തുടങ്ങിയവ കൂടാതെയുള്ള ആധുനികജീവിതം ഭാവനചെയ്യുവാൻ കഴിയുമോ? ഇവയുടെയെല്ലാം അടിയിൽ നിശ്ശബ്ദമായി

ടി. സി. സി. യുടെ

ഉൽപന്നങ്ങളായ കോസ്റ്റിക് സോഡ, സോഡിയം ഹൈഡ്രോസൾഫേററ്, സോഡിയം സൾഫൈഡ് തുടങ്ങിയ രാസദ്രവ്യങ്ങൾ പ്രവത്തിക്കുന്നു.

നാടിൻെറ വ്യവസായപുരോഗതിയെ ഉത്തേജിപ്പിച്ചുകൊണ്ട് വിവിധ വൈവിദ്ധ്യങ്ങളിലൂടെ ടി. സി. സി. അത്ഭുതകരമായ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

## ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിററഡ്

ഉദ്യോഗമണ്ഡൽ — കേരള




ഒരു ചർച്ച

# ന്യൂനപക്ഷങ്ങളും വിദ്യാഭ്യാസ മണ്ഡലവും

### ചോദ്യാവലി

1 ന്യൂനപക്ഷസമുദായങ്ങൾ നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിന് കാര്യമായ സംഭാവനകൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു് അഭംഗുരം തുടരാൻ അനുവദിക്കേണ്ടതല്ലേ?

2 ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ പലതിലും അദ്ധ്യാപകരുടെ നിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും അഴിമതി നടക്കുന്നില്ലേ? ഉണ്ടെങ്കിൽ അതെങ്ങനെ നിയന്ത്രിക്കാം?

3 സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതു് പ്രശ്നപരിഹാരത്തിനു് എത്രമാത്രം സഹായകമാവും?

## ആമുഖം

നമ്മുടെ വിദ്യാഭ്യാസമണ്ഡലം അഴിമതിയുടെ കൂത്തരങ്ങായിരിക്കുന്നെന്നും ന്യൂനപക്ഷങ്ങളും ഭൂരിപക്ഷത്തിൽപ്പെട്ട സമുദായങ്ങളും നടത്തുന്ന വിദ്യാലയങ്ങളെ നിയന്ത്രിച്ചേ മതിയാകൂ എന്നുമുള്ള അഭിപ്രായങ്ങൾക്ക് മറ്റെന്നത്തേക്കാളുമധികം പ്രചാരം ലഭിച്ച ഒരു കാലമാണല്ലോ ഇതു്. കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളെക്കുറിച്ച് കേട്ടു തഴമ്പിച്ച രാഷ്ട്രീയനേതാക്കളുടെ അഭിപ്രായങ്ങൾക്കപ്പുറം സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽപെട്ട ചിന്തകന്മാരുടെ പ്രതികരണങ്ങൾ ഒരു ചർച്ചയിൽകൂടി പ്രസിദ്ധീകരിക്കുന്നതു് തികച്ചും സ്വാഗതാർഹമായിരിക്കുമെന്നാണു് ഞങ്ങൾ വിശ്വസിക്കുന്നതു്. ആ വിശ്വാസമാണു് ഞങ്ങളെ ഈ ചർച്ച അവതരിപ്പിക്കാൻ പ്രേരിപ്പിച്ചതു്. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് ഞങ്ങൾ നല്കിയ ചോദ്യാവലിയെ അവലംബിച്ച് വിദ്യാഭ്യാസവുമായി നിരന്തര സമ്പർക്കമുള്ള ഏതാനും പേരുടെ അഭിപ്രായങ്ങൾ ഇനിയുള്ള പേജുകളിൽ വായിക്കുക.

—പത്രാധിപർ.





സി. ടി. ബെഞ്ചമിൻ

# പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലരുതേ

(മൂന്ന് ദശാബ്ദങ്ങളായി അദ്ധ്യാപകൻ എന്ന നിലയിൽ വിദ്യാഭ്യാസരംഗത്തു് പ്രവർത്തിക്കുന്ന ശ്രീ. സി. ടി. ബെഞ്ചമിൻ, ഈ കലാലയത്തിന്റെ ഭരണ നിർവ്വഹണവുമായി ഈ കാലമത്രയും അടുത്തു ബന്ധപ്പെട്ടിട്ടുണ്ട്. സർവ്വകലാശാല രംഗത്തെ വിവിധ സമിതികളിൽ അംഗവുമായിരുന്നിട്ടുള്ള ഇദ്ദേഹത്തിനു് ബൃഹത്തായ ഒരു പരിചയസമ്പത്താണുള്ളതു്.)

ന്യൂനപക്ഷസമുദായങ്ങൾ എന്തുചെയ്തു എന്നതിലേറെ ഇപ്പോൾ എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നാണു് ചിന്തിക്കേണ്ടതു്. ഇന്നാട്ടിൽ ന്യൂനപക്ഷ സമുദായങ്ങൾ വിദ്യാഭ്യാസരംഗത്തു് പ്രവർത്തിക്കുവാൻ തുടങ്ങിയതു് മുഖ്യമായും രണ്ടു കാരണങ്ങളാലാണു്. ഒന്നു്, സാക്ഷരതയിൽക്കൂടി സമൂഹത്തെ സാംസ്കാരികമായി ഉയർത്താനുള്ള അഭിവാഞ്ഛ. രണ്ടു്, സ്വസമുദായത്തിൽപ്പെട്ടവർക്കു്-പ്രത്യേകിച്ചും ദരിദ്രർക്കു്-വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രദാനംചെയ്യുക. ഈ വിദ്യാഭ്യാസത്തിൽ മതപരവും മതേതരവും ഉൾപ്പെടും. സ്വന്തം കുട്ടികളെ ഏതുതരം വിദ്യാലയങ്ങളിൽ പഠിപ്പിക്കണം എന്നു നിശ്ചയിക്കാനുള്ള അവകാശം മാതാപിതാക്കൾക്കാണെന്നും അത്തരം വിദ്യാലയങ്ങൾ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ന്യൂനപക്ഷങ്ങൾക്കുണ്ടെന്നും രാഷ്ട്രം അംഗീകരിച്ചിട്ടുള്ളതാണു്. ഇത്തരം വിദ്യാലയങ്ങൾ രാഷ്ട്രനിർമ്മാണത്തിൽ അവയുടെ പങ്കു നിർവ്വഹിക്കേണ്ടതാണു്. ഏതെങ്കിലും ഒരു വിദ്യാലയം അതിന്റെ സ്ഥാപനോദ്ദേശ്യം മറക്കുകയും സാമൂഹ്യ പുരോഗതിക്കു് വിലങ്ങുതടിയായിത്തീരുകയുമാണെങ്കിൽ അതിനെ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യേണ്ടതാണു്, തീർച്ച.

കേരളത്തിൽ ന്യൂനപക്ഷങ്ങളും ഭൂരിപക്ഷ സമുദായങ്ങളും വിദ്യാലയങ്ങൾ നടത്തിവരുന്നുണ്ടു്. പാഠ്യേതര വിഷയങ്ങളിൽ സർക്കാർ സ്ഥാപനങ്ങളെക്കാൾ മെച്ചപ്പെട്ട നിലവാരം സ്വകാര്യവിദ്യാലയങ്ങൾ പുലർത്തിവരുന്നുണ്ടു്. അദ്ധ്യാപകനിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും അഴിമതികൾ നടക്കുന്ന വിദ്യാലയങ്ങളുണ്ടെങ്കിൽ അവയുടെനേരെ ഗവൺമെന്റ് നടപടികൾ എടുക്കാത്തതെന്തു്. നിയമങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ഫാക്ടറികൾക്കു് നേരെയും നടപടികൾ എടുക്കാറില്ലേ? ചില ഫാക്ടറികൾ നിയമങ്ങളെ ധിക്കരിക്കുന്നതിന്റെ പേരിൽ എല്ലാ ഫാക്ടറികൾക്കുനേരെയും ശിക്ഷാനടപടികൾ സ്വീകരിക്കാറില്ലല്ലോ.

ഇന്നു പറഞ്ഞു കേൾക്കുന്ന തരത്തിൽ ഭരണഘടനാ വ്യവസ്ഥകൾ മാറ്റുകയാണെങ്കിൽ ന്യൂനപക്ഷങ്ങൾക്കു് വിദ്യാലയങ്ങൾ നടത്തുക എന്നതു് അസാദ്ധ്യമാവും. അതോടെ വിദ്യാലയങ്ങൾ സർക്കാരിന്റേതോ ഭൂരിപക്ഷ സമുദായങ്ങളുടേതോ മാത്രമാകും.

അതുകൊണ്ടു് അഴിമതിയില്ലാതാകുമോ? ഉടമസ്ഥത കൈമാറ്റം ചെയ്തതുകൊണ്ടു് പ്രശ്നം അവസാനിക്കുമോ? ഗവൺമെന്റുതലവും അഴിമതിക്കതീതമാണോ?

പ്രത്യക്ഷത്തിൽ കോഴവാങ്ങുന്നതിനെതിരെ കർശനമായ നിയമം കൊണ്ടുവരികയും അതു് ആത്മാർത്ഥമായി നടപ്പിലാക്കുകയുമാണാവശ്യം. അഴിമതി കണ്ടുപിടിക്കാൻ പ്രയാസമല്ലേ എന്നൊരു ചോദ്യമുണ്ടാവാം. അഴിമതിക്കെതിരെ ശബ്ദമുയർത്തുന്നവർക്കു് അതു കണ്ടുപിടിക്കുന്നതിനു് സർക്കാരിനെ സഹായിക്കാൻ കഴിയില്ലേ? ആത്മാർത്ഥതയുള്ളവർക്കു് അതു ചെയ്യാൻ പറ്റേണ്ടതല്ലേ?

അതല്ലാതെ സ്വകാര്യ വിദ്യാലയങ്ങളെ ഇല്ലാതാക്കിയാൽ (അതിനിയന്ത്രണത്തിന്റെ ഫലം അതായിരിക്കും) നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തിപ്പിടിക്കുന്ന ചില നല്ല സ്ഥാപനങ്ങളെക്കൂടി നശിപ്പിക്കാനേ അതുപകരിക്കൂ. പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലരുതേ. □

ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്

# അഴിമതി തടയാൻ നിയമം വേണം



(ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു ബുദ്ധിരാക്ഷസനായ, കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ് സ്പഷ്ടവും ചുരുങ്ങിയ വാക്കുകളിൽ തന്റെ ആശയം വ്യക്തമാക്കുന്നു. —പ.)

1. കേരളത്തിന്റെ നാനാഭാഗത്തുമുള്ള പല സ്വകാര്യ വ്യക്തികളും സംഘടനകളും വിദ്യാലയങ്ങൾ തുടങ്ങിയിട്ടുണ്ട്, ഇപ്പോൾ നടത്തുന്നുമുണ്ട്. ഇതിൽ ചില വ്യക്തികളും സംഘടനകളും ന്യൂനപക്ഷ സമുദായങ്ങളിൽ പെട്ടവരാണെന്ന കാരണത്താൽ അതെല്ലാം "ന്യൂനപക്ഷ സമുദായങ്ങൾ നല്കിയ സംഭാവന"യായിക്കണക്കാക്കി വാദിക്കലും, "ഈ സ്ഥിതി അതേപടി തുടരണ"മെന്നു വാദിക്കുന്നതും ശരിയല്ല.

2, 3. ന്യൂനപക്ഷ – ഭൂരിപക്ഷ വ്യത്യാസമില്ലാതെ പല സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന പല വിദ്യാലയങ്ങളിലും അഴിമതി നടക്കുന്നുണ്ട്. അതു തടയാനാവശ്യമായ നിയമനിർമ്മാണവും, ആവശ്യമെങ്കിൽ ഭരണഘടനാ ഭേദഗതിയും വരുത്തണം. □







# സേവനം സേവനമായിരിക്കണം

(കേരളത്തിന്റെ വിദ്യാഭ്യാസ രാഷ്ട്രീയ മണ്ഡലങ്ങളിൽ ചുരുങ്ങിയ കാലയളവിൽ മായാത്ത മുദ്രപതിപ്പിച്ച ശ്രീ. എൻ. കെ. ശേഷൻ കേരളത്തിലെ മുൻ ധനകാര്യമന്ത്രിയാണ്. ഇപ്പോൾ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ അധ്യാപകനായി തുടരുന്ന അദ്ദേഹം ഇന്നും നമ്മുടെ രാഷ്ട്രീയ, സാമൂഹ്യ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ അംഗീകരിക്കപ്പെടുന്ന ഒരു ശക്തിയാണ്.)

ന്യൂനപക്ഷ സമുദായങ്ങൾ, വിശിഷ്യാ ക്രൈസ്തവ സമുദായം, നിസ്തുലവും നിസ്വാർത്ഥവും ആയ സേവനം കോളേജ് വിദ്യാഭ്യാസരംഗത്തു് ചെയ്തിട്ടുണ്ട്. ഒരു കാലത്തു് അതു് യഥാർത്ഥമായ സേവനം തന്നെയായിരുന്നു. തുച്ഛ ശമ്പളത്തിനു് മിടുമിടുക്കൻ പ്രൊഫസർമാരുടെ സേവനം ഇവരുടെ സ്ഥാപനങ്ങൾക്ക് ലഭിച്ചു പോന്നിട്ടുണ്ട് എന്നുള്ളതു് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

പക്ഷേ, പിന്നീട് പിന്നീട് അതിനകത്തു് സ്വാർത്ഥ താല്പര്യങ്ങളും വിദ്യാഭ്യാസേതര താല്പര്യങ്ങളും മറ്റനാശാസ്യ പ്രവണതകളും കടന്നുകൂടാനിടയായിട്ടുണ്ട്. ഇന്ന് പൊതുതാല്പര്യത്തിന്റെ പേരിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ചേക്കേറി കിടക്കുന്ന അനാശാസ്യ പ്രവണതകൾ തീർച്ചയായും നിയന്ത്രിച്ചേ മതിയാകൂ. അല്ലാതെ അവ അംഗീകൃതമായി ഇരിക്കാൻ അനുവദിച്ചുകൂടാ. ന്യൂനപക്ഷാവകാശവും ന്യൂനപക്ഷം നൽകുന്ന വിദ്യാഭ്യാസത്തിലുള്ള കൊള്ളരുതായ്മകളും രണ്ടും രണ്ടാണ്. സേവനം സേവനമായിരിക്കണം. അല്ലാതെ അതു് കമ്പോള കച്ചവടമായി അധഃപതിപ്പിക്കരുതു്.

സേവനം നടത്തുമ്പോൾ നഷ്ടമുണ്ടാകുന്നതു് സ്വാഭാവികമാണ്. അതുകൊണ്ടാണ് അതു് സേവനമായി അംഗീകരിക്കപ്പെടുന്നതു്. ആ അംഗീകാരം നില നിൽക്കണമെങ്കിൽ കുറെ നഷ്ടം സഹിച്ചേ മതിയാകൂ. സേവനം നടത്തുന്ന എന്ന പ്രശസ്തി അവകാശപ്പെടുക യും എന്നാൽ അതുകൊണ്ടുണ്ടാകുന്ന നഷ്ടം നികത്താൻ സർക്കാർ പണം തരണമെന്നാവശ്യപ്പെടുകയുമായാൽ സേവനം കച്ചവടമായി തീരും.

ന്യൂനപക്ഷാവകാശങ്ങളുടെ പേരിൽ ഇന്ന് കോളേജുകൾ നടത്തുന്നതു് ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട ഒരു ന്യൂനപക്ഷമാണ്. അവരെ അതിനനുവദിക്കണമെന്നാണ് ഇപ്പോൾ പൊന്തിവന്നിട്ടുള്ള വാദം.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഴിമതി ധാരാളം നടക്കുന്നുണ്ട്. വിദ്യാർത്ഥിയുടെ പ്രവേശനത്തിനു് കൈക്കൂലി, അധ്യാപക നിയമനത്തിനു് കോഴ, വിവാഹം കഴിച്ചതിന്റെ പേരിൽ അധ്യാപികമാരെ പിരിച്ചുവിടൽ, ഇവയെല്ലാം പല സ്ഥാപനങ്ങളിലും നടക്കുന്നു. അവയെ നിയന്ത്രിക്കാൻ ശ്രമിക്കുന്നതു് ന്യൂനപക്ഷാവകാശ ധ്വംസനമാകയില്ല. അതിനു ഫലപ്രദമായ വഴി വിദ്യാർത്ഥി പ്രവേശനത്തിലും അധ്യാപക നിയമനത്തിലും പൊതുജനങ്ങളെ കൂടി പങ്കെടുപ്പിക്കുക എന്നുള്ളതാണ്. ഓരോ കോളേജിലും മാനേജ്മെന്റ് പ്രതിനിധികളും, ഗവൺമെന്റ് പ്രതിനിധികളും പൊതുജനപ്രതിനിധികളും ഉൾക്കൊള്ളുന്ന കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ ഇന്നുകാണുന്ന പല അഴിമതികൾക്കും നിവാരണമുണ്ടാക്കാം.

വിദ്യാഭ്യാസം ഒരു സേവനമായിത്തന്നെ നടത്താൻ തയ്യാറുള്ള സ്ഥാപനങ്ങൾക്ക് നിയന്ത്രണങ്ങളെ ഭയപ്പെടേണ്ട കാര്യമില്ല. വിദ്യാഭ്യാസ രംഗത്തു് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതു കൊണ്ടു് നിലവാരത്തിൽ അധഃപതനമുണ്ടാകും എന്നു പറയുന്നതും ശരിയല്ല. കാരണം നിയന്ത്രണമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നതു് മേൽ ചൂണ്ടിക്കാണിച്ച അഴിമതികളിന്മേലാണ്. അല്ലാതെ അക്കാഡമിക്ക് ആയ പ്രവർത്തനങ്ങളിന്മേലല്ല.

ഇന്നത്തെ നിലയിൽ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് സ്ഥാപനങ്ങളേർപ്പെടുത്താനും നടത്തിക്കൊണ്ടു പോകാനും അനിയന്ത്രിതമായ അവകാശങ്ങളാണുള്ളതു്. ഒരു ജനാധിപത്യ ക്രമത്തിൽ വ്യക്തി സ്വാതന്ത്ര്യവും സമുദായങ്ങളുടെ സ്വാതന്ത്ര്യവും യാതൊരു കടിഞ്ഞാണും ഇല്ലാതെ തുടരുവാൻ അനുവദിക്കുന്നതു് ആപൽക്കരമാണ്. സ്വാതന്ത്ര്യം എന്തും ചെയ്യാനുള്ള ഒരു ലൈസൻസ് അല്ല. അതു് പൊതുതാല്പര്യത്തിനു് ഇണങ്ങുന്ന നിയന്ത്രണങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ളതാണ്. അല്ലെങ്കിൽ സ്വാതന്ത്ര്യം അരാജകത്വത്തിലേക്കു് വഴി തെളിയിക്കും. അരാജകത്വമല്ലല്ലോ ജനാധിപത്യം. □

വി. കരുണാകരൻ നമ്പ്യാർ

# പ്രശ്നങ്ങളെ വിവേചനാബുദ്ധിയോടെ സമീപിക്കുക

(സ്വാതന്ത്ര്യ സമരത്തിലും ആദ്യകാല സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ച ശ്രീ. വി. കരുണാകരൻ നമ്പ്യാർ "എക്സ്പ്രസ്" പത്രത്തിന്റെ മുഖ്യ പത്രാധിപരാണിന്ന്. ലോകചരിത്രത്തിൽ അദ്ദേഹത്തിനുള്ള അവഗാഹം, അദ്ദേഹത്തെ പത്രപ്രവർത്തകരിടയിലെ 'ബുദ്ധിരാക്ഷസനാ'ക്കിയിരിക്കയാണ്.)

സംഭാവന ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും വിദ്യാഭ്യാസത്തിനും ക്രിസ്ത്യാനികൾ ചെയ്തിട്ടുള്ള സേവനങ്ങൾ ഒരിക്കലും വിസ്മരിച്ചുകൂടാ. ഡോ: ഗുണ്ടർട്ടിനേയും, അർണോസ് പാതിരിയേയും, റവ: ബെയ്‌ലിയേയും, റവ: ജോർജ്ജ് മാത്തനേയും, പാറായിൽ തോമാ കത്തനാരേയും, കണ്ടത്തിൽ വറുഗീസ് മാപ്പിളയേയും മററും ആദരാഞ്ജലികളോടെയല്ലാതെ ഒരു മലയാളിക്ക് സ്മരിക്കാനൊക്കുമോ! വിദ്യാഭ്യാസകാര്യം മാത്രം പറയുകയാണെങ്കിൽ ആധുനിക വിദ്യാഭ്യാസരീതിയും ആധുനികവിജ്ഞാനത്തിന്റെ വിവിധ ശാഖകളും മലയാളത്തിലേയ്ക്ക് കൊണ്ടുവന്നതിൽ അവർ ഗണ്യമായ സംഭാവനചെയ്തിട്ടുണ്ട്. മലയാളത്തിൽ ആദ്യമായി പത്രപ്രവർത്തനം തുടങ്ങിയതുപോലും ക്രൈസ്തവ മിഷനറിമാരാണ്. അച്ചടി പ്രചരിപ്പിച്ചതും മററാരുമല്ല.

ഇന്ത്യൻ ഭരണഘടന നിർമ്മിക്കുന്ന കാലത്ത് ന്യൂനപക്ഷങ്ങളെക്കുറിച്ച് ഒരു വ്യവസ്ഥയുണ്ടാക്കാൻ ഭരണഘടനാ നിർമ്മാണ സമിതിയുടെ വൈസ് പ്രസിഡണ്ടും പ്രശസ്തനായ ക്രൈസ്തവ ദേശീയവാദിയും ആയിരുന്ന ഡോ: എച്ച്. സി. മുക്കർജിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിററി വളരെയേറെ ചർച്ചകൾ നടത്തുകയുണ്ടായി. പ്രഗത്ഭന്മാരായ പല ദേശീയ നേതാക്കളും അവരുടെ വിദഗ്ദ്ധോപദേശംകൊണ്ട് ഈ കമ്മിററിയുടെ പ്രവർത്തനത്തെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. ആ കമ്മിററിയുടെ സുചിന്തിതമായ തീരുമാനവും ഉപാധിയും അനുസരിച്ചാണ് ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസരംഗത്തിൽ ചില പ്രത്യേക അവകാശങ്ങൾ നല്കിക്കൊണ്ടുള്ള അനുച്ഛേദം ഭരണഘടനയിൽ ഉൾക്കൊള്ളിച്ചത്. പ്രായോഗിക രംഗത്ത് പല വൈഷമ്യങ്ങളുമുണ്ടെങ്കിൽ അവ നീക്കുകയെന്നല്ലാതെ ഈ അവകാശങ്ങൾ എടുത്തു കളയുന്നതിനോട് തീരെ യോജിക്കുന്നില്ല.

നമ്മുടെ വിദ്യാലയരംഗത്തിൽ പല അഴിമതികളും നടക്കുന്നുണ്ടെന്നതിൽ സംശയമില്ല. പക്ഷെ, അവ ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാത്രമുള്ള ഒരു രോഗമല്ല. അഴിമതിക്ക് ജാതിമതഭേദമോ ഭൂരിപക്ഷന്യൂനപക്ഷ വ്യത്യാസമോ ഇല്ല. നല്ലതും ചീത്തയും ഭൂരിപക്ഷത്തിലും ന്യൂനപക്ഷത്തിലും ഒരുപോലെയാണ്. അഴിമതിപ്രശ്നം ന്യൂനപക്ഷാവകാശപ്രശ്നങ്ങളിൽനിന്ന് ഭിന്നമായി പരിഗണിക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്.



തോമസ് മാത്യു

# വിദ്യാഭ്യാസം ദേശസാൽക്കരിച്ചേ മതിയാകൂ

ഈ കലാലയത്തിലെ രണ്ടാം വർഷ ബി. എ. വിദ്യാർത്ഥിയാണ് ലേഖകൻ.

നമ്മുടെ പൂർവ്വപിതാക്കന്മാർ പിടിയരി പിരിച്ചും, തടിയും കല്ലും ചുമന്നും, ദേഹാദ്ധ്വാനം നല്കിയും പണിതുയർത്തിയ കൂററൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു സുപ്രഭാതത്തിൽ ഗവണ്മെൻറിനു നല്കുക എന്നു പറയുന്നത് അല്പം വിഷമമുള്ള കാര്യമാണ്. അവർ എന്തിനു വേണ്ടി കോളേജുകൾ നിർമ്മിച്ചുവോ, അവരുടെ ലക്ഷ്യങ്ങൾ എന്തായിരുന്നുവോ അവയ്ക്കുവേണ്ടി ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നാം (നാമാണല്ലോ പിന്തുടർച്ചാവകാശക്കാർ) നടത്തിക്കൊണ്ടുപോകേണ്ടതല്ലേ? അല്ലെങ്കിൽ അവരുടെ ആത്മാവു നമ്മോടു പൊറുക്കുമോ?

വിദ്യാഭ്യാസത്തിന്റെ പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമാകാതിരുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ പിതാക്കന്മാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനു മുമ്പോട്ടിറങ്ങിയത്. അവ നിർമ്മിച്ചത് തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസപരമായ ഉന്നമനം ലാക്കാക്കിയായിരുന്നു.

നമ്മുടെ പിതാക്കന്മാർ ഇഹലോകവാസം വെടിഞ്ഞു. കേന്ദ്രസർക്കാർ അവർ നിർമ്മിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ സംരക്ഷണം നല്കി. ന്യൂനപക്ഷങ്ങളുടെ അവകാശ പരിധിക്കുള്ളിൽ അവയെ ഉൾപ്പെടുത്തി. സാമുദായികമായ പിന്തുടർച്ചക്കാർ അവർ നിർമ്മിച്ച കോളേജുകളുടെ അവകാശം ഏറെറടുത്തു. അങ്ങനെ ഇന്നു നാം കാണുന്ന രീതിയിലുള്ള സാമുദായിക മേൽവിലാസങ്ങളോടുകൂടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ രംഗത്തു വന്നു.

ഇന്നലത്തെ മുഖങ്ങൾ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണരംഗത്തുനിന്നും മാറി. പുതിയ മുഖങ്ങൾ രംഗത്തുവന്നു. അധികാരം ലഭിച്ച പുതിയ മുഖങ്ങൾക്ക് അദ്ധ്വാനംചെയ്ത പഴയ തലമുറയുടെ അവകാശങ്ങളെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ എന്റെ പൂർവ്വപിതാവിന്റെകൂടി വിയർപ്പുതുള്ളികൾ പൊടിഞ്ഞുവീണ ആ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉള്ളിലുള്ള അധികാര കസേരയിലിരുന്നുകൊണ്ട് ഒരു പാതിരി പ്രവേശനത്തിന് എന്നോടു പണം ആവശ്യപ്പെട്ടപ്പോൾ എന്റെ പൂർവ്വപിതാക്കന്മാരുടെ പ്രവൃത്തി പാഴായിപ്പോയല്ലോ എന്നാണെനിക്ക് തോന്നിയത്. ഇതെന്റെ കഥയാണ്. ഇതാണ് ആയിരമായിരം വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടേയും കഥ.

സാമുദായിക ന്യൂനപക്ഷങ്ങളുടെ പേരിൽ കൈക്കൂലി വാങ്ങാനുള്ള ഉപാധിയായി ഇന്ന് പല വിദ്യാഭ്യാസ സ്ഥാപനങ്ങളും അധഃപതിച്ചിരിക്കയാണ്. സമുദായത്തിലെ കുറെ പണച്ചാക്കുകളാണ് ഇന്ന് ആ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണാധികാരികൾ. സമുദായത്തിലെ പാവപ്പെട്ടവന്റെ വിയർപ്പുതുള്ളികളുടെ ഫലം അനുഭവിക്കുന്ന കുറുക്കന്മാർ, തങ്ങളുടെ കീശവീർപ്പിക്കുകയാണ് ഏക ഉദ്ദേശം.

ഗവണ്മെൻറ് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെറടുത്തു കഴിഞ്ഞാൽ സമുദായംവരെ നശിച്ചു എന്നതാണ് ഇവരുടെ പ്രചരണം. ഗവണ്മെൻറ് ഏറെറടുത്തു കഴിഞ്ഞാൽ നഷ്ടപ്പെടുവാനുള്ളത് ഈ കംസന്മാർക്കു മാത്രമാണെന്ന് സാധാരണക്കാരും പാവപ്പെട്ടവരും മനസ്സിലാക്കിക്കഴിഞ്ഞിരിക്കയാണ്. "ചോറും തിന്ന് ആശാരിച്ചിയേയും കടിച്ചു പിന്നെയും പട്ടിക്കു മുറുമുറുപ്പ്" എന്നു പറഞ്ഞതുപോലെ പാവപ്പെട്ടവൻ കൊടുക്കുന്ന നികുതി ഗ്രാൻറായും, അതിനുപുറമേ കൈക്കൂലിയും എല്ലാം വാങ്ങിയിട്ടും നഷ്ടമാണേ എന്നു മുറവിളിക്കുന്ന ഇവരെ വിദ്യാഭ്യാസമണ്ഡലത്തിൽനിന്നും തൂത്തെറിഞ്ഞശേഷം നമ്മുടേതായ ഭരണസംവിധാനമാകുന്ന നമ്മുടെ ഗവണ്മെൻറിന്റെ കയ്യിൽ ലഭിച്ചെങ്കിൽ മാത്രമേ ഇന്നാട്ടിലെ പാവപ്പെട്ടവനും, സാധാരണക്കാരനും കോളേജ് വിദ്യാഭ്യാസം ഒരു യാഥാർത്ഥ്യമായിത്തീരൂ, ഈ അഴിമതിയുടെ പറുദീസാ അവസാനിക്കയുള്ളൂ.

എ. സി. ജോസ്

# സമൂഹനിയന്ത്രണമേ ശാശ്വതമായ ഫലമുളവാക്കുകയുള്ളൂ



(കൊച്ചിൻ കോർപ്പറേഷൻ മേയർ ശ്രീ. എ. സി. ജോസ്, വിദ്യാർത്ഥി പ്രവർത്തനങ്ങളിലൂടെ പൊതു രംഗത്തേയ്ക്കുവന്ന ഒരു രാഷ്ട്രീയ പ്രവർത്തകനാണ്. കേരള സർവ്വകലാശാലാ സിൻഡിക്കേറ്റ് മെമ്പറും കേരള ഹൈക്കോടതിയിലെ ഒരു പ്രമുഖ അഭിഭാഷകനുമായ അദ്ദേഹത്തിന് സമൂഹത്തിന്റെ നീറുന്ന പ്രശ്നങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടുകളാണുള്ളത് — പ.)

ന്യൂനപക്ഷങ്ങൾ നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിന് കാര്യമായ സംഭാവന എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഒറ്റ വാക്കിൽ മറുപടിപറയാൻ ബുദ്ധിമുട്ടില്ലാത്ത ഒരു ചോദ്യമാണിത്. "ഉണ്ട്". ആ മറുപടിയോടൊപ്പം ചോദ്യത്തിന്റെ കാതലായ വശങ്ങളുടെ പശ്ചാത്തലം കൂടി നാം നോക്കേണ്ടിയിരിക്കുന്നു.

കേരളത്തിലാണ് ഇന്നീ പ്രശ്നം ഏറ്റവും സജീവമായി ഉയർന്നുവന്നിരിക്കുന്നതും വാദപ്രതിവാദങ്ങൾക്ക് ഇടനൽകിയിട്ടുള്ളതും. അതുകൊണ്ട് കേരളത്തിലെ ജനതയ്ക്കു മനസ്സിലാകുന്ന രീതിയിൽ ഇതു മനസ്സിലാക്കുകയും ഇല്ലാ എന്നതും തീർച്ചയാണ്. A. D. 52ലാണ് ക്രിസ്തുമതം ആദ്യമായി ഭാരതത്തിൽ കാലുകുത്തുന്നത്. അന്നു മുതലും അതിനുമുമ്പും വിദേശസഞ്ചാരികളുടെയും താത്വികന്മാരുടെയും വിഹാരകേന്ദ്രമായിരുന്നു നമ്മുടെ രാജ്യം. ദാരിദ്ര്യവും, അസമത്വവും, വിദ്യാവിഹീനതയും ഏറ്റവും കൂടുതലുണ്ടായിരുന്ന കാലഘട്ടത്തിൽ തങ്ങളുടെ വിശ്വാസങ്ങൾ—അതു മതപരമാകട്ടെ, മതേതരമാകട്ടെ – പ്രചരിപ്പിക്കുന്നതിനും അതുവഴി തങ്ങൾക്ക് അനുയായികളെ ലഭിക്കുന്നതിനും ഏറ്റവും നല്ല മാർഗ്ഗമായി അറിഞ്ഞോ അറിയാതെയോ വിദ്യാ സസ്യങ്ങൾ വാരിവിതറിയ ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും.

പോർട്ടുഗീസുകാരുടെ ആഗമനത്തോടെ ക്രിസ്ത്യൻ മിഷനറിമാർ ധാരാളമായി കേരളത്തിലെത്തി. അവരുടെ സംസ്കാരത്തിന്റെ സ്വാധീനം അന്നത്തെ നമ്മുടെ എല്ലാ മണ്ഡലത്തിലും പ്രതിഫലിക്കുവാൻ തുടങ്ങി. അതിനുശേഷം ബ്രിട്ടീഷ് ആധിപത്യം ഇവർക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും ഇവിടെയുണ്ടാക്കി. ഇംഗ്ലീഷുകാരുടെ സ്വാധീനവും അതുവഴി സമൂഹത്തിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങളും ഉൾക്കൊള്ളാൻ ജനങ്ങൾ തയ്യാറായി. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രധാന ലക്ഷ്യം–മനുഷ്യസ്നേഹപ്രചോദിതമായിരുന്നു–മതപരിവർത്തനമായിരുന്നു. അതിന് അവർ പ്രധാനമായി സ്വീകരിച്ചിരുന്നത് ജനതയെ സ്വാധീനിക്കുവാൻ പറ്റിയ വിദ്യാലയങ്ങൾ സ്ഥാപിക്കലായിരുന്നു. ഭരണയന്ത്രം തിരിക്കുന്നതിന് കീഴേക്കിടയിലുള്ള ജോലിക്കാരെ മുഴുവൻ ഇറക്കുമതിചെയ്യുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് നാട്ടുകാർ കുറച്ചുപേരെങ്കിലും അതിൽ പരിശീലനം നേടട്ടെ എന്ന ഉദ്ദേശത്തോടെ ബ്രിട്ടീഷ് ഭരണാധികാരികളും അതിന് കയ്യഴിച്ചു സഹായം നൽകി. നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട എല്ലാ വിദ്യാലയങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ക്രിസ്ത്യൻ മിഷനറിമാരുടെ ചുമതലയിൽ വളർന്നുവന്നിട്ടുള്ളതാണ്. അതിലെല്ലാം തന്നെ മതസ്വാധീനപ്രധാനമായ പരിശീലനമാണ് നൽകിയിരുന്നതും.

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം എല്ലാവർക്കും കൂടുതൽ അവസരങ്ങൾ ലഭിച്ചതുകൊണ്ട് മുൻപേതന്നെ ശക്തമായിരുന്ന അടിത്തറയുടെ മുകളിൽ കൂടുതൽ കെട്ടിപ്പടുക്കുവാനുണ്ടായത്. അതിനെ അനുകരിക്കേണ്ട ഉത്തരവാദിത്വം സ്വാഭാവികമായും മറ്റു സമുദായങ്ങൾക്കും ഉണ്ടായി.

വിദ്യാഭ്യാസ മണ്ഡലത്തിൽ ന്യൂനപക്ഷങ്ങൾ സംഭാവന നൽകിയിട്ടുണ്ടെങ്കിലും നാം വിഭാവനം ചെയ്യുന്ന രീതിയിലുള്ള വിദ്യാഭ്യാസത്തിന് ന്യൂനപക്ഷങ്ങൾ യാതൊന്നും സംഭാവന ചെയ്തിട്ടില്ല എന്നതാണ് സത്യം. അവരെ വേർതിരിച്ചു നിർത്തുന്നതുകൊണ്ട്, നാം വിഭാവനം ചെയ്യുന്ന സമൂഹം കെട്ടിപ്പടുക്കുന്നതിന് സഹായകമായ വിദ്യാഭ്യാസസമ്പ്രദായം കെട്ടിപ്പടുക്കുന്നതിന് കാര്യമായി യാതൊന്നും ചെയ്തിട്ടില്ല എന്നതാണ് പരമാർത്ഥം. ജനതയ്ക്ക് അക്ഷരാഭ്യാസം നൽകാൻ ന്യൂനപക്ഷങ്ങൾ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ സാമൂഹ്യപരിവർത്തനത്തിന് ഉതകുന്ന വിദ്യാഭ്യാസമണ്ഡലം കാലോചിതമായിട്ടും ഇന്ത്യയിൽ ഉണ്ടാകാതിരുന്നതിനുള്ള ഉത്തരവാദിത്വവും കൂടി അവരിലുണ്ട്.



ടി. ഒ. അബ്ദുള്ള

# യാഥാർത്ഥ്യബോധത്തോടെ പ്രശ്നത്തെ സമീപിക്കുക

(മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റി നിർവ്വാഹക സമിതി അംഗമായ ശ്രീ. അബ്ദുള്ള ഈ കലാലയത്തിലെ ഒരു പൂർവ്വ വിദ്യാർത്ഥിയാണ്. ആലുവാ നഗരത്തിലെ എല്ലാ കലാസാംസ്കാരിക പ്രവർത്തനങ്ങളിലും മുൻപന്തിയിൽ തന്നെ പ്രവർത്തിക്കുന്ന ഇദ്ദേഹം സ്വന്തം അഭിപ്രായം ധീരമായി പ്രകടിപ്പിക്കുന്നതിൽ വൈമുഖ്യം കാണിക്കാറില്ല.)

കലാലയ വിദ്യാഭ്യാസത്തിന്റെ ചരിത്രം പരിശോധിച്ചാൽ ആദ്യകാലംമുതൽ തന്നെ, അതിന്റെ പുരോഗതിക്ക് കാതലായ സംഭാവനകൾ നല്കിയത് ഇവിടത്തെ ന്യൂനപക്ഷങ്ങളാണ്–പ്രത്യേകിച്ചും ക്രൈസ്തവർ. രണ്ടു ദശകങ്ങൾക്കുശേഷമാണ് ഭൂരിപക്ഷ സമുദായങ്ങളിൽപ്പെട്ടവർ ഈ രംഗത്തേക്ക് പൂർണ്ണമായി ഇറങ്ങിയത്. ന്യൂനപക്ഷങ്ങൾ സ്ഥാപിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സമുദായഭേദമില്ലാതെ പ്രാരംഭകാലം മുതൽതന്നെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിരുന്നു. അവയൊന്നും ഒരു പ്രത്യേകസമുദായത്തിനോ വർഗ്ഗത്തിനോ വേണ്ടിയുള്ള സ്ഥാപനങ്ങളായിരുന്നില്ല.

വിദ്യാഭ്യാസമണ്ഡലത്തിൽ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ വഴി ചിലവുകൾ വർദ്ധിച്ചപ്പോൾ, ഗ്രാന്റുനൽകുവാൻ ഗവൺമെന്റും അതു സ്വീകരിക്ക...

